(എഫ്) താഴെ പറയുന്ന വിഭാഗങ്ങളെ ബി.പി.എൽ.-ൽ നിന്നും ഒഴിവാക്കുന്നതാണ്:

- സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ
- ആദായ നികുതി ഒടുക്കുന്നവർ
- സ്വന്തമായി ഒരേക്കറിനു മേൽ ഭൂമിയുള്ളവർ
- സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ
- നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ.

മേൽ പറഞ്ഞ വിഭാഗങ്ങൾ ഒഴിവായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവർ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്നതുമാണ്:

- ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
- മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
- ഓട്ടിസം ബാധിച്ചവർ
- ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
- എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും
- പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം

195 (3945) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ ;

(ബി) ഡൽഹി, ബോംബെ കേരള ഹൗസുകളിൽ പ്രീമിയം വില്പനശാലകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ പ്രവർത്തനം പ്രവാസികളായ കേരളീയർക്ക് എത്രമാത്രം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ന്യൂഡൽഹി, നവിമുംബൈ എന്നീ സ്ഥലങ്ങളിലെ കേരള ഹൗസിൽ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പ്രീമിയം വൽപ്പനശാലകൾ തുടങ്ങുന്നകാര്യം സപ്ലൈകോ പരിഗണിക്കുന്നതാണ്. രാജ്യത്തിനു പുറത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ വിൽപനശാലകൾ തുടങ്ങുവാൻ നിലവിലെ സാഹചര്യത്തിൽ സപ്ലൈകോ പ്രാപ്തമല്ല.

(ഡി) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യസാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. നിലവിൽ ഭൂരിപക്ഷം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് സ്ഥലസൗകര്യം കുറഞ്ഞ കെട്ടിടങ്ങളിലാണ്. ആയതിനാൽ ഇവിടെ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള സൗകര്യം പരിമിതമാണ്. ചില അവസരങ്ങളിൽ അപ്രതീക്ഷിതമായി ക്രമാതീതമായ വർദ്ധനവ് വിൽപനയിൽ ഉണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചുകൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലാതാകുകയും ചെയ്യാറുണ്ട്. എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ എടുത്തുവരുന്നുണ്ട്.

1. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവ് ഉള്ള മാവേലി സ്റ്റോറുകളിലും, സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കിവരുന്നു.

2. സ്ഥല സൗകര്യം കുറഞ്ഞ വിൽപനശാലകളിലേക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചുകൊടുക്കുന്നു.

3. മുൻ മാസങ്ങളിലെ വിൽപന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപന, ഉത്സവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപനശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

5. കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥർ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യസാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പുവരുത്താറുണ്ട്.

6. ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റു ഡിപ്പോകളിലേക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

7. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പനശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

8. കൂടാതെ, പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട്ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ

196 (3946) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly